## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1679 — 25-3-2013 ൽ മറുപടിക്ക്

### വനം വകുപ്പ് മന്ത്രിക്കെതിരായ ആരോപണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ടി. വി. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | വനംവകുപ്പ് മന്ത്രിയുടെ ഭാര്യ 2013 മാർച്ച് 7-ാം തീയതി രാവിലെ ക്ലിഫ് ഹൗസിലെത്തി മുഖ്യമന്ത്രിയെ നേരിൽ കാണുകയുണ്ടായോ; | (എ) | കണ്ടിരുന്നു |
| (ബി) | ഗവൺമെന്റ് ചീഫ് വിപ്പ് പത്രസമ്മേളനം നടത്തി വനംവകുപ്പുമന്ത്രിക്കെതിരെ ഉന്നയിച്ച ആക്ഷേപങ്ങൾ ശരിവെക്കുന്ന നിലയിൽ ഡോ. യാമിനി തങ്കച്ചി മുഖ്യമന്ത്രിയോട് സംസാരിക്കുകയുണ്ടായോ; | (ബി) | പരാതി തന്നിട്ടില്ല |
| (സി) | ഗവൺമെന്റ് ചീഫ് വിപ്പ് മുഖ്യമന്ത്രിയ്ക്ക് തന്ന പരാതിയിൽ പറയുന്ന സംഗതികളെയും ഡോ. യാമിനി തങ്കച്ചി നേരിലും ഹർജിയിലും പറഞ്ഞ കാര്യങ്ങളെയും കുറിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായോ; അന്വേഷിക്കാൻ ചുമതലപ്പെടുത്തിയത് ആരെയാണ്; | (സി) | ഉദിക്കുന്നില്ല |
| (ഡി) | സന്ദർശനവേളയിൽ ഡോ. യാമിനി മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി തിരസ്കരിക്കുകയുണ്ടായോ; എങ്കിൽ കാരണം എന്താണ്; | (ഡി) | ഉദിക്കുന്നില്ല |
| (ഇ) | ഗവൺമെന്റ് ചീഫ് വിപ്പിന്റെ ആരോപണം വസ്തുതാപരമാണോ അല്ലയോ എന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ; ആണെങ്കിൽ സ്വീകരിച്ച നടപടി എന്താണ്; | (ഇ) | മന്ത്രിയെ സംബന്ധിച്ച് വന്ന പത്രവാർത്ത ശരിയല്ലെന്ന് തെളിഞ്ഞിട്ടുണ്ട്. |
| (എഫ്) | അല്ലെങ്കിൽ മന്ത്രിസഭയിലെ ഒരംഗത്തെക്കുറിച്ച് പരസ്യമായി ആരോപണം ഉന്നയിക്കുകയും മുഖ്യമന്ത്രിക്ക് പരാതി നൽകുകയും തെളിവുകൾ ഉണ്ടെന്ന് ആവർത്തിക്കുകയും ചെയ്ത ജോർജിനെതിരെ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ; | (എഫ്) | ആവശ്യമില്ല |
| (ജി) | ശ്രീ. ജോർജിനെതിരെ ആരോപിതനായ മന്ത്രി മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ? | (ജി) | ഇല്ല |

സെക്ഷൻ ഓഫീസർ